I/15266/2023

**ഭരണഭാഷ – മാതൃഭാഷ**

No.LSGD/PD/1224/2023/DED1-Part(1) (1)

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ: de.pdlsgd@kerala.gov.in
വെബ്സൈറ്റ്: www.principaldirectorate.lsgkerala.gov.in

തീയതി: 03-06-2023

# നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ –പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- പൊതു സ്ഥലം മാറ്റം 2023- സംസ്ഥാനതലത്തിൽ സ്ഥലം മാറ്റം നടത്തുന്ന തസ്തികകളുടെ കരട് ക്യൂ ലിസ്റ്റിലെ ആക്ഷേപങ്ങൾ തീർപ്പാക്കി "***അന്തിമ ക്യൂ ലിസ്റ്റ്***" പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 06.03.2023.
2. സർക്കാർ ഉത്തരവ് (കൈ) നം 79/2023/തസ്വഭവ. തീയതി 22/03/2023
3. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 23/03/2023
4. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 തീയതി 30/03/2023
5. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED 1 (Part 1) തീയതി 11/04/2023
6. ഈ കാര്യാലയത്തിലെ നം. LSGD/PD/1224/2023-DED1 (Part1) തീയതി 02.05.2023 ലെ നോട്ടീസ്

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ **2023** വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായി ജീവനക്കാരുടെ ഇൻക്യൂമ്പൻസി വിവരങ്ങൾ ചേർക്കുന്നതിനും പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന സർക്കുലറുകൾ പ്രകാരം നൽകുകയും തുടർന്ന് സ്ഥലം മാറ്റം നടത്തുന്ന തസ്തികകളുടെ കരട് ക്യൂ ലിസ്റ്റ് സൂചന **(6) പ്രകാരം** പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ സമർപ്പിക്കാൻ **11.05.2023** വരെ സമയം നൽകുകയും ചെയ്തിരുന്നു. ആയതിൻ പ്രകാരം ജീവനക്കാർ ഓൺലൈനായി സമർപ്പിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ തീർപ്പ കൽപ്പിച്ച ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ കരട് ക്യൂ ലിസ്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സംസ്ഥാന തലത്തിൽ സ്ഥലം മാറ്റം നടത്തുന്ന തസ്തികകളുടെ സ്ഥലം മാറ്റത്തിനായുള്ള അന്തിമ ജനറൽ ക്യൂ ലിസ്റ്റ് , അനുകമ്പാർഹത- മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ അന്തിമ ക്യൂ ലിസ്റ്റ് എന്നിവ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും അറിവിലേയ്ക്കായി

I/15266/2023

https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നു. കൂടാതെ സാധുവായ അപേക്ഷകരുടെ അന്തിമ ലിസ്റ്റ്, നിലവിലെ സ്റ്റേഷനിൽ നിലവിലെ തസ്തികയിൽ മൂന്നു വർഷം പൂർത്തിയാക്കിയ ജീവനക്കാരുടെ അന്തിമ ലിസ്റ്റ്, ഇൻസ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് എന്നിവയും ഇതോടൊപ്പം പ്രസിദ്ധികരിക്കുന്നു.

മേൽ പരാമർശിച്ച അന്തിമ പട്ടികകൾ https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ജീവനക്കാരുടെ ലോഗിനിൽ ലഭ്യമായിരിക്കുന്നതാണ്. എല്ലാ ജീവനക്കാർക്കും തങ്ങൾക്ക് അനുവദിച്ച നൽകിയിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച ടി വെബ്സൈറ്റിൽ അന്തിമ പട്ടികകൾ പരിശോധിക്കാവുന്നതാണ്.

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരും ഈ നോട്ടീസ് എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

H. DINESHAN IAS
DIRECTOR

പകർപ്പ്

1. വകുപ്പിലെ എല്ലാ ജീവനക്കാർക്കും (ഓഫീസ് മേലധികാരി മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടറുടെ സി.എ യ്ക്ക്
3. ഡയറക്ടർ (അർബൻ) ന്റെ സി.എ യ്ക്ക്
4. ചീഫ് എൻജിനീയർ
5. ചീഫ് ടൌൺ പ്ലാനർ
6. അഡീഷണൽ ഡയറക്ടർ (ഈ&എ)
7. ജോയിന്റ് ഡയറക്ടർ (IE Section)
8. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
9. വകുപ്പിലെ എല്ലാ ഓഫീസ് മേലധികാരികൾക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ മാർ മുഖേന )
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
11. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
12. കരുതൽ / അധികം

Signed by
H. Dineshan Ias
Date: 03-06-2023 18:10:48